പി.കെ.കേശവൻ ഐ.എഫ്.എസ്
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ & ഹെഡ് ഓഫ്
ഫോറസ്റ്റ് ഫോഴ്സ്, കേരള

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,
'വനലക്ഷ്മി'
തിരുവനന്തപുരം - 14
☎: 0471 – 2339593
Fax: 04712338808
Mob: 9447979002
email:pccf.for@kerala.gov.in

## സർക്കുലർ നമ്പർ 1/2019 തീയതി 28.01.2019

വിഷയം: വനംവകുപ്പ് - പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ കാലതാമസം ഒഴിവാക്കൽ - അച്ചടക്ക നടപടി ഉത്തരവുകളിന്മേൽ സമയബന്ധിതമായി തുടർ നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച് - നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നു.

വനംവകുപ്പ് ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടികളിന്മേൽ വിധിക്കപ്പെടുന്ന ശിക്ഷണ നടപടികൾ കൃത്യസമയത്ത് നടപ്പിൽ വരുത്തുന്നതിൽ വീഴ്ച സംഭവിക്കുന്നതിനാൽ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലം കോടതി കേസുകൾ നേരിടേണ്ടിവരുകയും, കൂടാതെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിൽ വരുന്ന കാലതാമസത്തിന് പലിശ കൊടുക്കേണ്ടിവരുന്ന സാഹചര്യവും ഉണ്ടാകുന്നു. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. അച്ചടക്ക നടപടികൾ പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിക്കുന്ന അധികാരികൾ തന്നെ ടി ഉത്തരവ് പ്രകാരമുള്ള ശിക്ഷണ നടപടികൾ യഥാസമയം നടപ്പിൽ വരുത്തിയിട്ടുണ്ടെന്നും അതിന്മേലുള്ള ബാധ്യതകൾ ഈടാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

2. അച്ചടക്ക നടപടികളുടെ വിവരങ്ങളും ആയത് നടപ്പിൽ വരുത്തിയിട്ടുള്ള വിവരങ്ങളും യഥാസമയം ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകത്തിൽ, വിശദാംശങ്ങൾ ഉൾപ്പെടെ, രേഖപ്പെടുത്തി ബന്ധപ്പെട്ട അധികാരി ഒപ്പുവയ്ക്കേണ്ടതാണ്.

3. ഒരു ഓഫീസിൽ ജോലിനോക്കിയിരുന്ന കാലയളവുമായി ബന്ധപ്പെട്ട ശിക്ഷണ നടപടിയിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുന്ന സമയത്ത് അച്ചടക്കനടപടിക്ക് വിധേയനാകുന്ന ജീവനക്കാരൻ മറ്റേതെങ്കിലും ഓഫീസിലാണ് ജോലിനോക്കുന്നതെങ്കിൽ, ഉത്തരവ് നടപ്പിലാക്കേണ്ട ഓഫീസിന്റെ / ഓഫീസറുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിക്കുന്നതിന്, ടി ഉത്തരവ് പുറപ്പെടുവിക്കുന്ന അധികാരി ശ്രദ്ധിക്കേണ്ടതാണ്. ടി രണ്ട് ഓഫീസുകളിലും അച്ചടക്ക നടപടിയുടെ വിവരങ്ങൾ അറിയിക്കേണ്ടതും ശിക്ഷണാധികാരിയുടെ ടി ഉത്തരവ് നടപ്പിലാക്കാൻ ബാധ്യതയുള്ള ഓഫീസ് മേധാവിയിൽ നിന്നും ശിക്ഷണ നടപടികൾ നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

FMIS

4. നിലവിൽ സർവ്വീസിലുള്ളതും അച്ചടക്കനടപടിയ്ക്ക് വിധേയരായിട്ടുള്ളതുമായ എല്ലാ ജീവനക്കാരുടെയും അച്ചടക്കനടപടി ഉത്തരവുകൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നുള്ള കാര്യം എല്ലാ ശിക്ഷണ അധികാരികളും ഓഫീസ് മേധാവികളും പരിശോധിക്കേണ്ടതും, നടപ്പിൽ വരുത്താത്ത കേസുകൾ കണ്ടെത്തി 28.02.2019-ന് മുമ്പായി ശിക്ഷണ നടപടികൾ നടപ്പിൽ വരുത്തി എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ എല്ലാ ഓഫീസ് മേധാവികളും ശിക്ഷാധികാരികളും കർശനമായും പാലിക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കുന്നതാണ്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരള

പകർപ്പ്:
1. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ / അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ / ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ / ഫോറസ്റ്റ് കൺസർവേറ്റർമാർ/ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ / അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് നൽകുന്നു.
2. ബി സെക്ഷൻ
3. ഫയൽ / സ്റ്റോക്ക് ഫയൽ
4. APCCF (FMIS) - സർക്കുലർ Department siteൽ upload ചെയ്യേണ്ടതാണ്.